**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 20 മീറ്ററിലധികം നീളമുള്ള മത്സ്യബന്ധനയാനങ്ങളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | 20 മീറ്ററിലധികം നീളമുള്ള പരമ്പരാഗത മത്സ്യബന്ധനയാനങ്ങളും എഞ്ചിനും സംസ്ഥാന സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ യാനങ്ങളുടെ വലുപ്പത്തിന്റെയും എഞ്ചിൻ ക്ഷമതയുടെയും അടിസ്ഥാനത്തിൽ ആറു വിഭാഗങ്ങളിലായിട്ടാണ് പ്രീമിയം തുക നിശ്ചയിച്ചിരിക്കുന്നത്. അതിൽ ആറാമത്തെ വിഭാഗം 20 മീറ്ററിൽ കൂടുതൽ നീളം (LOA) ഉള്ള എഞ്ചിനോട്ടുകൂടിയ മത്സ്യബന്ധന യാനങ്ങൾ ആണ്. 46 ലക്ഷം രൂപയാണ് ഇവയുടെ അഷ്വേർഡ് വില (നിശ്ചിത തുക) കണക്കാക്കിയിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം ക്ഷണിച്ച EOI യുടെ അടിസ്ഥാനത്തിൽ ഈ വിഭാഗം യാനങ്ങളുടെ പ്രീമിയം തുക കണക്കാക്കിയിരിക്കുന്നത് 17,787/- രൂപയാണ്. പ്രീമിയം തുകയുടെ 90% സംസ്ഥാന സർക്കാർ വിഹിതമാണ് |
| (ബി) | മത്സ്യഫെഡിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സംഘമായി വായ്പ എടുത്ത് യാനങ്ങൾ വാങ്ങി മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലാക്രമണവും മറ്റും മൂലം നാശനഷ്ടം ഉണ്ടാകുമ്പോൾ ഭീമമായ തുക ബാധ്യത വരുന്നത് ഒഴിവാക്കാൻ 20 മീറ്ററിലധികം നീളമുള്ള യാനങ്ങളും അനുബന്ധ ഉപകരണങ്ങളും സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | 20 മീറ്ററിലധികം നീളമുള്ള പരമ്പരാഗത മത്സ്യബന്ധനയാനങ്ങളും എഞ്ചിനും സംസ്ഥാന സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ യാനങ്ങളുടെ വലുപ്പത്തിന്റെയും എഞ്ചിൻ ക്ഷമതയുടെയും അടിസ്ഥാനത്തിൽ ആറു വിഭാഗങ്ങളിലായിട്ടാണ് പ്രീമിയം തുക നിശ്ചയിച്ചിരിക്കുന്നത്. അതിൽ ആറാമത്തെ വിഭാഗം 20 മീറ്ററിൽ കൂടുതൽ നീളം (LOA) ഉള്ള എഞ്ചിനോട്ടുകൂടിയ മത്സ്യബന്ധന യാനങ്ങൾ ആണ്. 46 ലക്ഷം രൂപയാണ് ഇവയുടെ അഷ്വേർഡ് വില (നിശ്ചിത തുക) കണക്കാക്കിയിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം ക്ഷണിച്ച EOI യുടെ അടിസ്ഥാനത്തിൽ ഈ വിഭാഗം യാനങ്ങളുടെ പ്രീമിയം തുക കണക്കാക്കിയിരിക്കുന്നത് 17,787/- |

| | | | |
|---|---|---|---|
| | | | രൂപയാണ്. പ്രീമിയം തുകയുടെ 90% സംസ്ഥാന സർക്കാർ വിഹിതമാണ് |

സെക്ഷൻ ഓഫീസർ